**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ 13608/ഔ.ഭാ4/10/ഉഭപവ

തിരുവനന്തപുരം
തീയതി : 14.09.2011.

## സർക്കുലർ

വിഷയം:- 2011 ലെ മലയാള ദിനാഘോഷവും, ഭരണഭാഷാ വാരാഘോഷവും- ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ - സംബന്ധിച്ച്

.............................................

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, ഭരണഭാഷാ മാറ്റം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ വിപുലമായ തോതിൽ വർഷം തോറും സംഘടിപ്പിച്ചു വരുന്ന പരിപാടിയാണ് മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും.

എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002-ൽ സ.ഉ. (അച്ചടിച്ചത്) നം.31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്ത് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകികൊണ്ട് 02.05.2002 -ാം തീയതി സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 20/2002/ഉ.ഭ.പ.വ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റുഭാഷകളും മാതൃഭാഷകളായിട്ടുള്ള കുട്ടികളെ ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നാളിതുവരെ 71 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 31 പൊതുമേഖലാ സ്വയംഭരണസ്ഥാപനങ്ങളിലും 44 പൊതുമേഖല സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും, പ്രത്യേകിച്ച് മലയാളം ഭരണഭാഷയാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സർക്കാർ സംസ്ഥാന തലത്തിൽ നവംബർ 1-ാം തീയതി (ചൊവ്വാഴ്ച) മലയാള ദിനാഘോഷവും ഭാഷാസേവനപുരസ്കാരദാനവും നടത്തുന്നതാണ്. നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷം ജില്ലാ തലങ്ങളിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മലയാള ദിനമായ നവംബർ 1 (ചൊവ്വാഴ്ച) രാവിലെ 11 ന് മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

**"മലയാളം എന്റെ മാതൃഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയേയും കേരളസംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".**

2. സ്കൂളുകളിൽ മലയാള ദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയാക്കിയിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെ ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

**"മലയാളം എന്റെ മാതൃഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയേയും കേരളസംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".**

3. ഭരണഭാഷാ വാരാഘോഷകാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**ബാനറിന്റെ മാതൃക**

| |
|---|
| **മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും<br>2011 നവംബർ1 മുതൽ 7 വരെ** |

4. വാരാഘോഷകാലത്ത് ഓഫീസുകളിൽ ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുമാറുള്ള പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവന രേഖയും ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷ ഗ്രന്ഥരചനാ പുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

5. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് ഓഫീസുകളിൽ അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതിയ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

6. മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് കീഴ് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പ് തലവൻമാരും നവംബർ 30 നു മുൻപ് ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്ക് അയയ്ക്കേണ്ടതാണ്.

7. സംസ്ഥാനതല ആഘോഷപരിപാടികളുടെ ഭാഗമായി നവംബർ 1 നു രാവിലെ 11 മണിക്ക് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചേരുന്ന യോഗത്തിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്ക് ചീഫ് സെക്രട്ടറി ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതാണ്.

8. ജില്ലാതല ആഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മറക്കാനാവാത്ത സംഭാവന നൽകിയ എഴുത്തുകാരെ ആദരിക്കേണ്ടതാണ്. അതത് ജില്ലയിലുള്ള മൂന്ന് എഴുത്തുകാരെയാണ് ആദരിക്കേണ്ടത്. മുൻ വർഷങ്ങളിൽ ആദരിച്ചവരെ ഒഴിവാക്കാവുന്നതാണ്.

9. ജില്ല/താലൂക്ക് തല ആഘോഷത്തിന്റെ ചെലവ് ജില്ലാ കളക്ടർക്ക് വേണ്ടി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള "മറ്റ് ചെലവുകൾക്കായി" എന്ന കണക്കിലും പഞ്ചായത്ത് തലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

**കെ.സുരേഷ്കുമാർ,**
**സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ജില്ലാ കളക്ടർമാർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ